# പതിനാലാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5707 03.11.2016 ന് മറുപടിയ്ക്ക്

## വന്യജീവി സങ്കേതങ്ങളിലെ പ്രകൃതി പഠന ക്യാമ്പുകൾ

ചോദ്യം

ശ്രീ.ടി.വി.ഇബ്രാഹിം

ഉത്തരം

അഡ്വ. കെ.രാജു
(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും
വകുപ്പുമന്ത്രി)

(എ) വനം വകുപ്പിന് കീഴിൽ ഏതെല്ലാം വന്യജീവി സങ്കേതങ്ങളിലാണ് പ്രകൃതി പഠന ക്യാമ്പുകൾക്ക് സൗകര്യമുള്ളത്; വിവരങ്ങൾ ലഭ്യമാക്കുമോ;

**(എ)** കേരള വനം വകുപ്പിനു കീഴിലുള്ള നെയ്യാർ, പേപ്പാറ, ഷെന്തുരുണി, വയനാട്, സൈലന്റ് വാലി, പീച്ചി, ചിമ്മിനി, ചൂലന്നൂർ, ആറളം, കൊട്ടിയൂർ എന്നീ വന്യജീവി സങ്കേതങ്ങളിലും പെരിയാർ, പറമ്പിക്കുളം എന്നീ ടൈഗർ റിസർവ്വുകളിലും പ്രകൃതി പഠന ക്യാമ്പുകൾക്ക് സൗകര്യമുണ്ട്.

(ബി) ഏതെല്ലാം മാസങ്ങളിലാണ് പ്രകൃതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്; വിശദമാക്കുമോ;

**(ബി)** എല്ലാ സാമ്പത്തിക വർഷത്തിന്റേയും തുടക്കം മുതൽ ഒടുക്കം വരെ (ഏപ്രിൽ മുതൽ മാർച്ച് വരെ) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രകൃതിപഠന ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്. ഓരോ സംരക്ഷിത മേഖലയുടെയും അംഗീകൃത മാനേജ്മെന്റ് പ്ലാനിൽ നിഷ്കർഷിച്ചിട്ടുള്ള ക്ലോഷർ പിരീഡ് (അടച്ചിടുന്ന കാലയളവ്) ഒഴികെയുള്ള കാലയളവിൽ പ്രകൃതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ട്.

(സി) ഇതിനു വേണ്ടി കേന്ദ്ര ഫണ്ട് ലഭിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**(സി)** ലഭിക്കുന്നുണ്ട്. ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് വൈൽഡ് ലൈഫ് ഹാബിറ്റാറ്റ് (IDWH), പ്രോജക്റ്റ് എലിഫന്റ്, കൺസർവേഷൻ ഓഫ് ബയോഡൈവേഴ്സിറ്റി എന്നീ ശീർഷകങ്ങളിൽ ലഭിക്കുന്ന ഫണ്ടിൽ പ്രകൃതി പഠന ക്യാമ്പുകൾ നടത്തുന്നതിനുള്ള തുകയും ഉൾപ്പെടുന്നുണ്ട്. ടി കേന്ദ്ര പദ്ധതികൾ പ്രകാരം കഴിഞ്ഞ വർഷം പ്രകൃതി പഠന ക്യാമ്പുകൾക്ക് 7.20 ലക്ഷം രൂപ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ആകെ 8 ലക്ഷം രൂപ ഈയിനത്തിൽ പ്രതീക്ഷിക്കുന്നു.

Valsala S.S

സെക്ഷൻ ഓഫീസർ.